മലയാള മനോരമ

8 October 2022

# ദേശീയ റാങ്കിങ്ങിൽ കൊച്ചിയിലെ ഫിഷറീസ് റിസർച് സ്ഥാപനങ്ങൾ മുന്നിൽ

കൊച്ചി ● കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ ദേശീയ റാങ്കിങ്ങിൽ കൊച്ചിയിലെ ഫിഷറീസ് റിസർച് സ്ഥാപനങ്ങൾ മുന്നിൽ. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിനു കീഴിലുള്ള 93 ഗവേഷണ സ്ഥാപനങ്ങളുടെ പട്ടികയിൽ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) മൂന്നാമതും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്ട്) നാലാമതുമെത്തി. 2019- 2021 കാലയളവിലെ മികവിന്റെ അടിസ്ഥാനത്തിലാണു പട്ടിക തയാറാക്കിയത്. ഫിഷറീസ്- അനിമൽ സയൻസ് മേഖലയിൽ രാജ്യത്ത് ആദ്യ 2 സ്ഥാനങ്ങളും ഈ സ്ഥാപനങ്ങൾക്കാണ്. സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളും കൂടുകൃഷി, കടൽപായൽ കൃഷി ഉൾപ്പെടെ സമുദ്ര കൃഷിരീതികൾ ജനകീയമാക്കാനുള്ള ശ്രമങ്ങളുമാണു സിഎംഎഫ്ആർഐയെ നേട്ടത്തിലെത്തിച്ചത്. മത്സ്യബന്ധന യാനങ്ങൾ രൂപകൽപന ചെയ്യുന്നതിൽ മുൻപന്തിയിലുള്ള സ്ഥാപനമാണു, റാങ്കിങ്ങിൽ തൊട്ടു പിന്നിലുള്ള സിഫ്ട്.